"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൊല്ലം ജില്ല - മൈനാഗപ്പള്ളി ഗ്രാമ പഞ്ചായത്ത് - മൈനാഗപ്പള്ളി മിലാദെ ഷെരീഫ് എച്ച്.എസ്.എസ്-ന്റെ ആവശ്യത്തിനായി നിർമ്മാണം പൂർത്തിയാക്കിയ സ്കൂൾ കെട്ടിടത്തിന് 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം ഇളവ് അനുദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർഎ) വകുപ്പ്**

G.O.(Rt)No.2079/2024/LSGD തിയതി, തിരുവനന്തപുരം, 01-11-2024

---

പരാമർശം:-

1. മൈനാഗപ്പള്ളി മിലാദെ ഷെരിഫ് എച്ച് എസ് എസ് ഹെഡ് മാസ്റ്ററുടെ അപേക്ഷ.
2. മൈനാഗപ്പള്ളി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 23.07.2024-ലെ എം6. 10086/2023 നമ്പർ കത്ത് .
3. കൊല്ലം ടൗൺ പ്ലാനറുടെ 01.08.2024-ലെ LSGD/JD/KLM/4951/2024/PLG2 നമ്പർ റിപ്പോർട്ട്..
4. ചീഫ് ടൗൺ പ്ലാനറുടെ 23.09.2024-ലെ LSGD/PD/29316/2024-TCPA2 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിലെ 7-ാം വാർഡിൽ മൈനാഗപ്പള്ളി വില്ലേജിലെ സർവ്വേ നമ്പർ 136/1, 136/8 ൽ പെട്ട 74.06 ആർ വിസ്തൃതിയുള്ള സ്ഥലത്തുള്ള മിലാദെ ഷെരീഫ് ഹയർ സെക്കന്ററി സ്കൂളിന്റെ (എയ്ഡഡ്) ആവശ്യത്തിനായി നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടം ക്രമവൽക്കരിക്കുന്നതിനായി പരാമർശം 1 പ്രകാരം സ്കൂൾ ഹെഡ് മാസ്റ്റർ സമർപ്പിച്ച അപേക്ഷ, പരാമർശം 2 പ്രകാരമുള്ള മൈനാഗപ്പള്ളി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ ശിപാർശ, പരാമർശം 3 പ്രകാരമുള്ള കൊല്ലം ടൗൺ പ്ലാനറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ പരാമർശം 4 പ്രകാരം ചീഫ് ടൗൺ പ്ലാനർ ശിപാർശ ചെയ്ത് സർക്കാരിലേക്ക് ലഭ്യമാക്കിയിരുന്നു.

2) ആഞ്ഞിലിമൂട് - മൈനാഗപ്പള്ളി റോഡിന്റെ തെക്കുവശത്തായി സ്ഥിതി ചെയ്യുന്ന മിലാദെ ഷെരീഫ് ഹയർ സെക്കന്ററി സ്കൂൾ എന്ന എയ്ഡഡ് സ്കൂളിന്റെ ഭാഗമായുള്ള ക്രമവൽക്കരിക്കപ്പെടേണ്ട കെട്ടിടത്തിന്റെ ബിൽറ്റ് അപ്പ് ഏരിയ 1018.44 ച. മീറ്ററും ഫ്ലോർ ഏരിയ 854.08 ച. മീറ്ററുമാണ്. ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ, സ്റ്റെയർ കാബിൻ എന്നിവയുള്ള ടി കെട്ടിടം വിദ്യാഭ്യാസ ഗണത്തിൽ (B ഒക്കുപൻസി) ഉൾപ്പെടുന്നതാണ്. ടി കെട്ടിടം കൂടാതെ പ്രസ്തുത പ്ലോട്ടിൽ 9 കെട്ടിടങ്ങൾ കൂടി

നിലവിലുള്ളതായും ടി 9 കെട്ടിടങ്ങളും പഞ്ചായത്ത് നമ്പർ ഉള്ള അംഗീകൃത കെട്ടിടങ്ങളാണെന്നും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്കൂളിൽ നിലവിലുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിവരണം | ബിൽറ്റ് അപ്പ് ഏരിയ (ച.മീ) |
|---|---|---|
| 1 | നിലവിലുള്ള കെട്ടിടം നം.VII/488 | 136.21 |
| 2 | നിലവിലുള്ള കെട്ടിടം നം.VII/489 | 321.50 |
| 3 | നിലവിലുള്ള കെട്ടിടം നം.VII/490 | 319.45 |
| 4 | നിലവിലുള്ള കെട്ടിടം നം.VII/491 | 105.03 |
| 5 | നിലവിലുള്ള കെട്ടിടം നം.VII/492 | 262.16 |
| 6 | നിലവിലുള്ള കെട്ടിടം നം.VII/493 | 484.82 |
| 7 | നിലവിലുള്ള കെട്ടിടം നം.VII/494 | 304.84 |
| 8 | നിലവിലുള്ള കെട്ടിടം നം.VII/495 | 72.57 |
| 9 | നിലവിലുള്ള കെട്ടിടം നം.VII/1065 | 310.28 |
| 10 | അനധികൃതകെട്ടിടം ക്രമവൽക്കരിക്കുന്നതിനായി) | |
| | ഗ്രൗണ്ട് ഫ്ലോർ | 497.76 |
| | ഫസ്റ്റ് ഫ്ലോർ | 497.76 |
| | സ്റ്റെയർ റൂം | 22.92 |

3) ക്രമവൽക്കരിക്കേണ്ട കെട്ടിടത്തിന് KPBR 2019 പ്രകാരം താഴെപ്പറയുന്ന ചട്ടലംഘനങ്ങൾ ഉള്ളതായി പരാമർശം 3 പ്രകാരം കൊല്ലം ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

- ചട്ടം 26(4) - പടിഞ്ഞാറുവശത്തെ സൈഡ് യാർഡ് - ആവശ്യമുള്ളത് ശരാശരി 2 മീ, കുറഞ്ഞത് 1.5 മീ - ലഭ്യമായത് ശരാശരി 1.315 മീ, കുറഞ്ഞത് 1.29 m
- ചട്ടം 27 (1)- കവറേജ് - അനുവദനീയം 35% - ലഭ്യമായത് 38%
- ചട്ടം 28 (1) - ഇന്റേണൽ ആക്സസ് പരിഗണിക്കുമ്പോൾ കെട്ടിടങ്ങൾ തമ്മിൽ ആവശ്യമായ അകലം - ക്രമവൽക്കരിക്കേണ്ട കെട്ടിടവും VII/492 നമ്പർ കെട്ടിടവും തമ്മിൽ ആവശ്യമായ അകലം 7.60 മീറ്റർ - ലഭ്യമായത് 4.50 മീറ്റർ മാത്രമാണ്.

4) പ്രസ്തുത ചട്ടലംഘനങ്ങൾക്ക് നിബന്ധനകൾക്കു വിധേയമായി സർക്കാർ തലത്തിൽ ഇളവ് അനുവദിക്കാവുന്നതാണെന്ന് പരാമർശം 4 പ്രകാരം ചീഫ് ടൗൺ പ്ലാനർ ശിപാർശ ചെയ്തിട്ടുണ്ട്.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച പൊതുവിദ്യാഭ്യാസ സൗകര്യം പ്രോത്സാഹിപ്പിക്കുന്നത് പരിഗണിച്ചും KPBR 2011 നിലവിൽ വരുന്നതിന് മുൻപ് നടത്തിയ നിർമ്മാണമാണെന്നും വളരെ വർഷങ്ങളായി ടി കെട്ടിടത്തിൽ ക്ലാസ്സുകൾ നടത്തിവരുന്നതും പരിഗണിച്ചും പരിസരപ്രദേശത്തെ വിദ്യാർത്ഥികൾ ആശ്രയിക്കുന്ന സർക്കാർ/എയ്ഡഡ് മേഖലയിലെ

ഹയർ സെക്കന്ററി വിദ്യാലയം എന്ന പ്രത്യേക പരിഗണന നൽകിയും കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ വകുപ്പ് 220(ബി) പ്രകാരമുള്ള ലംഘനമില്ലെന്നത് പരിഗണിച്ചും മൈനാഗപ്പള്ളി മിലാദെ ഷെരീഫ് ഹയർ സെക്കന്ററി സ്കൂൾ കെട്ടിടത്തിന് നിലവിലുള്ള 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ചട്ടം 26(4) - ഒരു വശത്തെ തുറസ്സായ സ്ഥലം, ചട്ടം 27(1) - കവറേജ്, ചട്ടം 28(1) -ഇന്റേണൽ ആക്സസ് റോഡിൽ നിന്ന് കെട്ടിടത്തിലേക്കുള്ള അകലം എന്നിവയുടെ ലംഘനങ്ങൾക്ക് ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ ചട്ടം 3(4) പ്രകാരം ഇളവ് അനുവദിച്ചും കെട്ടിട നമ്പർ അനുവദിക്കുന്നതിന് മൈനാഗപ്പള്ളി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

1. സമർപ്പിച്ചിട്ടുള്ള പ്ലാൻ പ്രകാരം ക്രമവൽക്കരിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിൽ നൽകിയിരിക്കുന്ന ഭിന്നശേഷിക്കാർക്കായുള്ള റാമ്പ് മറ്റ് കെട്ടിടങ്ങളിലേക്കുള്ള ഇന്റേണൽ ആക്സസിന് തടസ്സമായി നിൽക്കുന്നതിനാൽ ആയത് ഇന്റേണൽ ആക്സസ് തടസ്സപ്പെടുത്താത്ത രീതിയിൽ കെട്ടിടത്തിന്റെ പടിഞ്ഞാറ് ഭാഗത്തേക്ക് നീക്കി സ്ഥാപിക്കേണ്ടതാണ്.
2. ഇളവ് അനുവദിക്കുന്ന KPBR 2019, ചട്ടം 26(4) -ഒരു വശത്തെ തുറസ്സായ സ്ഥലം, ചട്ടം 27(1) - കവറേജ്, ചട്ടം 28(1) - ഇന്റേണൽ ആക്സസ് റോഡിൽ നിന്ന് കെട്ടിടത്തിലേക്കുള്ള അകലം എന്നിവ ഒഴികെ ചട്ടം 47 പ്രകാരമുള്ള ഭിന്നശേഷിക്കാർക്കായുള്ള സൗകര്യങ്ങൾ ഉൾപ്പെടെ മറ്റ് ചട്ടങ്ങളെല്ലാം പാലിച്ചിരിക്കേണ്ടതാണ്.
3. KPBR 2019 ചട്ടം 76(1) പ്രകാരമുള്ള ഭൂജലപോഷണ സംവിധാനവും ചട്ടം 76(2) പ്രകാരമുള്ള മഴവെള്ളസംഭരണിയും നിർബന്ധമായും ഏർപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
H MUHAMMED FAISAL
DEPUTY SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ടൗൺ പ്ലാനർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കൊല്ലം
ഹെഡ് മാസ്റ്റർ, മിലാദെ ഷെരീഫ് ഹയർ സെക്കന്ററി സ്കൂൾ, മൈനാഗപ്പള്ളി, കൊല്ലം
സെക്രട്ടറി, മൈനാഗപ്പള്ളി ഗ്രാമ പഞ്ചായത്ത്,
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Shini Pereira. V
Date: 01-11-2024 11:13:04

സെക്ഷൻ ഓഫീസർ